(ബി) വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നതിന് പകരം വക്കീൽ നോട്ടീസ് അയയ്ക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(സി) വിവരാവകാശ നിയമപ്രകാരം DDE ഓഫീസിൽ സമർപ്പിച്ച അപേക്ഷയിന്മേൽ വക്കീൽ നോട്ടീസ് അയയ്ക്കാനിടയായ സംഭവത്തിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകൾക്ക് മറുപടി നൽകിയിട്ടുണ്ട്. അപകീർത്തിപ്പെടുത്താൻ ശ്രമിച്ചതിന് മാപ്പ് പറഞ്ഞില്ലെങ്കിൽ കേസുകൊടുക്കും എന്നുകാട്ടി വക്കീൽനോട്ടീസ് അയച്ചിട്ടില്ല.

സ്കൂൾ ക്ലാർക്കുമാരുടെ ശമ്പളത്തിലെ ഗ്രേഡ് സ്കെയിൽ

58 (2966) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരേ തസ്തികയിൽ ജോലി ചെയ്യുന്ന ഗവൺമെന്റ് സ്കൂൾ ക്ലാർക്കുമാർക്കും എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്കും ശമ്പളത്തിൽ ഗ്രേഡ് സ്കെയിൽ നിശ്ചയിക്കുന്നതിനുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി സമാനജോലി ചെയ്യുന്ന ഇവർക്ക് ഒരേ രീതിയിലുള്ള ശമ്പള വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അനുവദിച്ച പ്ലസ് ടു ബാച്ചുകൾ

59 (2967) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചു എന്നും ഇതിൽ സർക്കാർ, എയ്ഡഡ് സ്കൂളുകൾ എത്ര വീതമെന്നും ഇതിനായി പ്രതിവർഷം എത്ര രൂപയുടെ അധിക ബാദ്ധ്യതയാണ് വേണ്ടി വരുന്നതെന്നും വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly